## അനുബന്ധം എച്ച് 4

## നോട്ടീസ്

ശ്രീ.ശശിധരൻ പനയംതട്ട, സീനിയർ ക്ലാർക്ക്, ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, കണ്ണൂർ എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോടു നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള ചാർജ്ജ് മെമ്മോ 19.08.2018-ാം തീയതിയിലെ ഇ.സി.3-44619/2018/ആ.വ.ഡ. നമ്പർ പ്രകാരം 30.08.2018 തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽവിലാസത്തിൽ അറിയിച്ചിരുന്നു. എന്നാൽ പ്രസ്തുത കവർ ''മേൽവിലാസക്കാരൻ ഇന്ത്യ വിട്ടു'' എന്ന കുറിപ്പോടെ തപാൽ വകുപ്പ് തിരികെ അയയ്ക്കുകയാണുണ്ടായത്. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് നിങ്ങളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്തപക്ഷം നിങ്ങൾക്കു യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റരോപണ പത്രികയുടെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്കു മുമ്പ് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്), ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം-ൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്ക് വാങ്ങാവുന്നതാണ്.

സി.എം.അജയമോഹൻ,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ.

സ്വീകർത്താവ്

ശ്രീ.ശശിധരൻ പനയംതട്ട,
തലവിൽ,
എരുവെട്ടി (പി.ഒ.), ചപ്പാരപ്പടവ്,
കണ്ണൂർ - 670 581

**അനുബന്ധം എച്ച് 5**

**കേരള സംസ്ഥാന ആരോഗ്യ വകുപ്പ്**

ഡോ.സരിത.ആർ.എൽ.,
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

കണ്ണൂർ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ സീനിയർ ക്ലാർക്ക് ആയ ശ്രീ.ശശിധരൻ പനയംതട്ട എന്ന താങ്കൾ 06.09.2017 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നു. ഈ ഓഫീസിലെ ഇ.സി.3-44619/2018/ ആ.വ.ഡ., തീയതി: 19.08.2018 പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയത് കൈപ്പറ്റാത്തതിനാൽ ടി നോട്ടീസ് പ്രസിദ്ധീകരിക്കുന്നു.

കൂടുതൽ വിവരങ്ങൾക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ dhskerala@gmail.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

സി.എം.അജയമോഹൻ,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ.